"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ- 2008-09 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-5 (എ, ബി) പ്രകാരം തടസ്സപ്പെടുത്തിയ തുകയുടെ ചെലവിന് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ.(സാധാ) നം.624/2026/LSGD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.05.2025-ലെ LSGD/PD/13547/2025-AM3 നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09.02.2026-ലെ ഡി.കെ.എസ്.എ.24/2026/പി.റ്റി.2 നമ്പർ കത്ത്

ഉത്തരവ്

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2008-09 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 (എ, ബി) എന്നിവയിൽ, സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലും ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കാത്തതിനാലും കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2 പദ്ധതികൾക്കായി ചെലവഴിച്ച തുക (₹37410 + ₹5500) ₹42,910/- (നാല്പത്തിരണ്ടായിരത്തി തൊള്ളായിരത്തി പത്തു രൂപ മാത്രം) ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

2. ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉചിത മാർഗ്ഗേന ലഭ്യമാക്കിയിട്ടുള്ള അപേക്ഷ, ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി തീരുമാനം, നിർവഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം, പാലക്കാട് ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതി തീരുമാനം, ലോക്കൽ ഫണ്ട് ഓഡിറ്റ് പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ തുടർ ശിപാർശകൾ എന്നിവയുൾപ്പടെ അനുകൂല ശിപാർശയോട് കൂടി പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

3. 2008-09 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 (എ, ബി) എന്നിവയിൽ, സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലും ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കാത്തതിനാലും കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2 പദ്ധതികളുടെയും ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയിരുന്നില്ല. നിലവിൽ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്, ഭരണസമിതി തീരുമാനങ്ങൾ എന്നിവ ഹാജരാക്കിയിട്ടുള്ളതിനാലും, വിളകൾ കൃഷി ചെയ്ത കർഷകർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുക മാത്രമാണ് ചെയ്തതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം, പാലക്കാട് ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ ശിപാർശ എന്നിവ പരിഗണിച്ചും പരാമർശത്തിന് സാധൂകരണം അനുവദിക്കാവുന്നതാണെന്ന്

പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ ഭരണ സമിതി തീരുമാനം, പാലക്കാട് ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതി തീരുമാനം, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശകളുടെ അടിസ്ഥാനത്തിലും, നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായാണ് തുക ചെലവഴിച്ചിട്ടുള്ളതെങ്കിലും, അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്, ഭരണസമിതി തീരുമാനങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളതിനാലും, വിളകൾ കൃഷി ചെയ്ത കർഷകർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുക മാത്രമാണ് ചെയ്തതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും, മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2008-09 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 (എ, ബി) പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന് (₹37410 + ₹5500) ₹42,910/- (നാല്പത്തിരണ്ടായിരത്തി തൊള്ളായിരത്തി പത്തു രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
സെക്രട്ടറി, മലമ്പുഴ ഗ്രാമപഞ്ചായത്ത്, പാലക്കാട്. (ജോയിന്റ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്,
ഗവ. സെക്രട്ടറിയേറ്റ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എബി3/41/2025-ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 09-03-2026 12:13:10
സെക്ഷൻ ഓഫീസർ